**പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള 342– ശനിയാഴ്ച തോറും**

**ഒക്ടോബർ 26, 2024 ശനി**

**പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്**

**മലയാളം ഉൾപ്പടെ 8 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് , റഷ്യൻ ഉൾപ്പടെ വിദേശഭാഷകളിലും ശനിയാഴ്ച തോറും**

# ഭൗതിക രൂപത്തിനായുള്ള ദാഹം

## LONGING FOR THE PHYSICAL FORM




പ്രഫസർ അനിൽകുമാർ കാമരാജു, അവിടുത്തെ സന്ദേശങ്ങളും ദൗത്യവും പ്രചരിപ്പിക്കുന്നതിനായി, ഭഗവാനാൽ തെരഞ്ഞെടുക്കപ്പെട്ടയാളാണ്. അദ്ദേഹം ഇന്ത്യയിലും വിദേശത്തും ധാരാളം യാത്രകൾ ചെയ്യുകയും എണ്ണമറ്റ ചോദ്യങ്ങൾക്ക് സ്വാമിയുടെ ദിവ്യ പ്രഭാഷണങ്ങളുടെയും ഭഗവാനുമായുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ ഇടപഴകലിന്റെയും അടിസ്ഥാനത്തിൽ മറുപടി നൽകുകയും സംശയനിവാരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഏറ്റവും പ്രധാനമായി, ഉള്ളിലെ സായിയുമായി ബന്ധപ്പെടുന്നതെങ്ങനെ എന്ന് പ്രഫസർ അനിൽകുമാർ നമുക്ക് ഫലപ്രദമായ മാർഗനിർദ്ദേശം തരുന്നു.

**Q: സ്വാമിയുടെ, സുഹൃത്തുക്കളുടെ, ബന്ധുക്കളുടെ ഭൗതിക സാന്നിദ്ധ്യത്തിനായി കൊതിക്കുന്നതിൽ തെറ്റുണ്ടോ? എങ്ങനെ ഇതിന് അതീതനാവാം?**

**പ്രഫ. അനിൽകുമാർ**: സ്വാമിയുടെ അസാന്നിദ്ധ്യത്തിലും അവിടുന്നിനെ അനുഭവിക്കാനായി താങ്കൾക്ക് അവിടുത്തെ ഭൗതിക സാന്നിദ്ധ്യത്തിനായി ആഗ്രഹിക്കാവുന്നതാണ്.



ഒരു ചെറിയ ഉദാഹരണം നോക്കാം: ഇവിടെയുള്ള നിങ്ങളിൽ മിക്കവരും നിങ്ങളുടെ സ്വദേശത്തുനിന്ന് അകലെയാണ്. നിങ്ങളിൽ മിക്കവരും നിങ്ങളുടെ മാതാപിതാക്കളിൽ നിന്ന് ദൂരെയാണ്. എന്നാൽ നിങ്ങൾ അവരെപ്പറ്റി ചിന്തിക്കാറില്ലേ? നിങ്ങൾ അവിടെ ഉണ്ടായിരുന്ന

പ്പോളേക്കാളുമധികം അവരെപ്പറ്റി ചിന്തിക്കുന്നു. ഇത്രയും കാലത്തെ എന്റെ അനുഭവം അതാണ്.




എന്റെ 9-ാമത്തെ അമേരിക്കൻ സന്ദർശനമാണിത്. എന്റെ നിഗമനം എന്നത്, വിദേശത്ത് കഴിയുന്ന കുട്ടികൾ അവരുടെ മാതാപിതാക്കന്മാരെക്കുറിച്ച് കൂടുതലായി ചിന്തിക്കുന്നു-അവരോടൊത്ത് അതേ രാജ്യത്തു കഴിയുന്നവരേക്കാളധികം. ഇത് കഠിനമായ, നഗ്നസത്യമാണ്.

എന്തുകൊണ്ടാണ്? എന്തെന്നാൽ അവരുടെ മനസ്സിലുണ്ട്: ‟എന്റെ അച്ഛൻ, അദ്ദേഹത്തിന് എങ്ങനെയുണ്ടാവും? എന്റെ അമ്മ, അവർക്ക് എങ്ങനെയുണ്ടാവും? എന്റെ സഹോദരന്മാർ, അവർക്ക് എങ്ങനെയുണ്ടാവും? എന്റെ രാജ്യം, അതെങ്ങനെയുണ്ടാവും? എന്റെ രാജ്യം, ടൗൺ, അഥവാ എന്റെ ഗ്രാമം, അതെങ്ങനെയുണ്ടാവും?” നിങ്ങളുടെ മാതാപിതാക്കൾ ഇന്ത്യയിലാണ്, അത് ഇവിടെ നിന്ന് 22 മണിക്കൂർ വിമാനദൂരത്തിലാണ്. പക്ഷേ നിങ്ങൾ അവരെയോർത്ത് വിഷമിക്കുന്നു. എന്തുകൊണ്ട്? മനസ്സ് കാരണമാണത്.




അതുകൊണ്ട്, അവിടുത്തെ ഭൗതികശരീരം നിങ്ങൾക്ക് ‘സാകാരം’, ദിവ്യരൂപത്തിന്റെ അനുഭവം, തരുന്നു. അവിടുത്തെ ഭൗതിക അസാന്നിദ്ധ്യത്തിൽ, അത് നിങ്ങളെ ‘നിരാകാരാ’നുഭവത്തിലേക്കും കൊണ്ടുപോകുന്നു. അവിടുത്തെ ഭൗതികരൂപം സാകാരം ആണ്. അവിടുത്തെ ഭൗതിക ശരീരത്തിന്റെ അസാന്നിദ്ധ്യത്തിൽ, അവിടുന്നിനെ അറിയുന്നത് നിരാകാരമാകുന്നു. അതുകൊണ്ട്, നമ്മൾ രൂപത്തിൽ നിന്ന് രൂപമില്ലായ്കയിലേക്ക്(form to formless) നീങ്ങുന്നു.

ഒരു ലളിതമായ ഉദാഹരണമെടുക്കാം: നിങ്ങൾക്ക് ലക്ഷ്മണനെക്കുറിച്ചും ഭരതനെക്കുറിച്ചും അറിയാം. ആരോ ഒരിക്കൽ രാമനോട് ചോദിച്ചു, ‟രാമാ, അല്ലയോ ഭഗവാനേ, അവിടുന്ന് ധർമ്മത്തിന്റെ ചക്രവർത്തിയാണ്. രാമോ വിഗ്രഹവാൻ ധർമ്മ! അവിടുന്ന് ധർമ്മത്തിന്റെ ആൾരൂപമാകുന്നു.”

"അതിനെന്താണ്?"

"എനിക്ക് ഒരു ചോദ്യം ഉണ്ട്, സ്വാമീ."

"എന്താണത്?"



"അവിടുന്നിന് മൂന്ന് സഹോദരന്മാരുണ്ട്. മൂന്നുപേരിലും വച്ച് ഏറ്റവും നല്ലത് ആരാണ്?"

വളരെ പ്രയാസമുള്ള ചോദ്യമായിരുന്നു അത്.

രാമൻ പറഞ്ഞു, "ഭരതനാണ് മൂന്നു പേരിലും വച്ച് ഏറ്റവും നല്ലത്."

അപ്പോൾ ആരോ പറഞ്ഞു, "ഓഹോ! ഈശ്വരനും പക്ഷഭേദമുണ്ട്. ലക്ഷ്മണൻ വനവാസകാലത്തു മുഴുവനും അവിടുന്നിനെ സേവിച്ചുകൊണ്ട്, രാത്രി മുഴുവനും ജാഗ്രതയോടെ ഇരുന്ന്, ഉറക്കമില്ലാത്ത രാത്രികൾ ചെലവിട്ട്, ആഹാരവും ജലപാനവും വേണ്ടെന്നു വച്ച്, സഹോദരനായ രാമനെ നിർനിദ്രനായി കാത്തുകൊണ്ട്, കൂടെയുണ്ടായിരുന്നു. എന്നാൽ രാമൻ പറയുന്നു, ഭരതനാണ് ഏറ്റവും നല്ലവനെന്ന്."



രാമനും ഭരതനും

ശരി, ഇതാണ് പോയിന്റ്: രാമൻ ഉടനടി മറുപടി പറഞ്ഞു, "ലക്ഷ്മണൻ എന്നെ സേവിക്കുകയായിരുന്നു. ഞാൻ അവന്റെ നേരേ മുമ്പിൽ ഉണ്ടായിരുന്നു. അവൻ എന്നെ കണ്ടുകൊണ്ട് എന്നെ സേവിക്കുന്നു. എന്റെ

ഭൗതിക സാന്നിദ്ധ്യത്തിൽ അവൻ മഹത്വവത്കരിക്കപ്പെട്ട്, എന്റെ ദിവ്യാനുഗ്രഹം ആസ്വദിക്കുന്നു. അതുകൊണ്ട്, അതിൽ അസാധാരണമായി ഒന്നുമില്ല. എന്നാൽ,




ഒത്തിരി ദൂരെ തങ്ങുന്ന, ഈ ഭൗതിക രൂപം നിഷേധിക്കപ്പെട്ടിരിക്കുന്ന, ചുറ്റിനുമൊരേടത്തും എന്നെ കാണാൻ യാതൊരു ചാൻസുമില്ലാത്ത ഭരതൻ എന്നെപ്പറ്റി മാത്രം ചിന്തിക്കുന്നു. അവൻ സിംഹാസനം അവിടെ വച്ചിട്ട് അതിന്മേൽ എന്റെ പാദുകങ്ങൾ വച്ചിരിക്കുകയാണ്. എന്റെ ശാരീരിക അസാന്നിദ്ധ്യത്തിൽ അവൻ എന്റെ നാമം ജപിച്ചുകൊണ്ട് രാജ്യഭരണം നിർവഹിക്കുകയാണ്. അതുകൊണ്ട്, ഭരതൻ നിരാകാര രൂപത്തിലുള്ള ആരാധന നടത്തുന്നു, അതേസമയം ലക്ഷ്മണൻ സാകാര രൂപത്തിലുള്ള ആരാധന പിന്തുടരുന്നു. നിരാകാരമാണ് സാകാരത്തേക്കാൾ മഹത്തരം.

അതുകൊണ്ട്, ഭരതനാണ് ലക്ഷ്മണനേക്കാൾ മഹത്വമുള്ളത്,'' ശ്രീ രാമചന്ദ്രൻ പറഞ്ഞു.

നിങ്ങളെല്ലാവരും ഭരതന്മാരാണ്, അകലെയിരുന്നുകൊണ്ട് സ്വാമിയെപ്പറ്റി ചിന്തിക്കുന്നു, അത് നിരാകാര ആരാധനയാണ്; അതേസമയം അവിടുന്നുമൊത്ത് കഴിയുന്ന ഞങ്ങൾ ലക്ഷ്മണന്മാരാണ്. അതുകൊണ്ട്, ഞങ്ങൾ രണ്ടാമത്തെ ഗ്രൂപ്പാണ്. ഈ പോയിന്റ് ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ.

അതുകൊണ്ട്, സായിയുടെ ഈ ഭൗതിക ശരീരം, സാകാരം, ഞങ്ങൾ അവിടുന്നിനെ മന:ശാസ്ത്രപരമായി അനുഭവിക്കുന്ന(feeling Him psychologically), ധിഷണാപരമായി(intellectually) അവിടുന്നുമായി ഐക്യം പ്രാപിക്കുന്ന, ആ വേർപിരിക്കാനാവാത്ത അദ്വൈതമായ ഏകത അഥവാ സമത്വം അനുഭവിക്കുന്ന, ഒരു നിലയിലേക്ക് നിങ്ങളെ കൊണ്ടുപോകണം, എല്ലാ ആദ്ധ്യാത്മിക സാധനയുടെയും, എല്ലാ ആദ്ധ്യാത്മിക ശ്രമത്തിന്റെയും ഉദ്യമത്തിന്റെയും മൂർദ്ധന്യാവസ്ഥയാണത്. അതാണ് നിരാകാരം.

**Q: നമ്മൾ മുമ്പ് പറഞ്ഞ ഒരു പോയിന്റിൽ വ്യക്തത വരുത്താൻ ഞാനാഗ്രഹിക്കുന്നു. "ആദ്ധ്യാത്മികതയെന്നത് വൈയക്തികതയല്ല"(Spirituality is not individuality)എന്നു പറഞ്ഞതായി ഞാൻ കരുതുന്നു. വ്യക്തി എന്ന നിലയ്ക്ക്, "ഉള്ളിലേക്ക് നോക്കുക" എന്ന് പറയുന്നതിനു പകരമുള്ള ഒരു മാർഗമല്ലേ ആദ്ധ്യാത്മികത? രണ്ടാമതായി, നമുക്ക് അതെപ്പറ്റി സംസാരിക്കുന്നതിനോ വാക്കാൽ പങ്കു വയ്ക്കുന്നതിനോ ബാധ്യതയില്ല. ഓരോ നിമിഷത്തിലും നമ്മുടെ ആത്മാവുമായുള്ള ഇടപഴകലുകൾ അഥവാ മുദ്രകൾ, ആദ്ധ്യാത്മികമാണ്. അതിനെക്കുറിച്ച് നാം സംസാരിച്ചാൽ, നമ്മൾ വായാടി(*Yakety-yak* )കളാവും.**

**അതിനാൽ, ആദ്ധ്യാത്മികതയുടെ ആ വൈയക്തികമായ, വ്യക്തിപരമായ, അകത്തേക്കു നോക്കുന്ന നിമിഷത്തെപ്പറ്റി വ്യക്തത വേണമെന്ന് എനിക്ക് തോന്നുന്നു. സായി രാം!**

**പ്രഫ. അനിൽകുമാർ**: മതം വൈയക്തിക(individual)മാണ്, അതേസമയം ആദ്ധ്യാത്മികത സാമാന്യ(general)മാണ്. ആവർത്തിക്കട്ടെ, ആദ്ധ്യാത്മികത സാമാന്യമാണ്, എന്നാൽ മതം എന്നത് വ്യക്തിപരമാണ്. അനുഭവങ്ങൾ തീർച്ചയായും വ്യക്തിപരമാണ്, അതേസമയം അനുഭവിക്കുന്നയാൾ(Experiencer -Self), ആത്മാവ്, സാമാന്യമാണ്, എല്ലാവരിലും ഒരേപോലെയാണ്.




ഒരുവന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ പങ്കുവയ്ക്കുന്നത് ഒരുവന്റെ സ്വയം വീമ്പിളക്കലാവുമ്പോൾ, കൂടുതൽ അഹംഭാവത്തിന് വഴിവയ്ക്കുമ്പോൾ, താൻ സ്പെഷ്യലാണെന്നും മറ്റുള്ളവരേക്കാൾ കേമനാണെന്നുമുള്ള തോന്നലുണ്ടാക്കാനാവുമ്പോൾ, അപ്പോൾ അത് ആ വ്യക്തിക്ക് അപകടമാവും.

ആദ്ധ്യാത്മിക അഹന്ത എന്നത് ലൗകിക ഈഗോയേക്കാൾ കൂടുതൽ അപകടകരമാണ്. രാമകൃഷ്ണ പരമഹംസൻ പറയുന്നു, ‘‘ആദ്ധ്യാത്മിക അഹന്തയുടെ അപകടം മാരകമാണ്, അതിന് തിരിച്ചുപോക്കില്ല.’’ ആദ്ധ്യാത്മിക അഹംഭാവം അങ്ങേയറ്റം അപകടകരമാണ്.




അതുകൊണ്ട്, ആരെയെങ്കിലും ഉദ്ദേശിച്ചുള്ള ഒരു സന്ദേശം നിങ്ങൾക്ക് പങ്കു വയ്ക്കാം അഥവാ ഓരോരുത്തർക്കുമായുള്ള ഒരു സന്ദേശം പേറുന്ന ഒരു അനുഭവം പങ്കു വയ്ക്കാം, മാതൃകയാവുന്ന അഥവാ ഒരു പോയിന്റ് വിശദീകരിക്കുന്ന ഒരു സന്ദേശമാവണം. എന്നാൽ നേരേ മറിച്ച്, നിങ്ങൾ നിങ്ങളുടെ ബയോ ഡേറ്റാ അഥവാ നിങ്ങളുടെ ജീവചരിത്രം പങ്കുവയ്ക്കാനാണ് ആഗ്രഹിക്കുന്നതെങ്കിൽ, അപ്പോൾ അത് അസംബന്ധമാവും! നാം എത്രയും പെട്ടെന്ന് അതു നിർത്തുന്നുവോ, സംഘടനയ്ക്കും സ്ഥാപനത്തിനും അത്രയും നന്ന്.

**Q: സ്വാമിയുടെ ഭൗതിക സാന്നിദ്ധ്യത്തിൽനിന്ന് അകന്ന് കഴിയുമ്പോൾ, നാം ചിലപ്പോൾ സേവ ചെയ്യുന്നു, ഭജനിൽ പങ്കെടുക്കുന്നു അല്ലെങ്കിൽ സായി സെന്ററിൽ പോകുന്നു. എന്നാൽ ഞാനെല്ലായ്പോഴും അതിശയിക്കാറുണ്ട്, സ്വാമി എന്തുകൊണ്ടാണ് നാം ഉള്ളിലേക്ക് നോക്കണം(look inward) എന്നു പറയുന്നത്? നമ്മുടെ തിരക്കുള്ള ജീവിതചര്യയ്ക്കിടയിലും നാം സമയം കണ്ടെത്തി സ്വാമിയെ കാണുന്നതിനായി പുട്ടപർത്തിക്ക് പോകുന്നു. ഈശ്വരനെ നിങ്ങൾക്ക് അകമേ ദർശിക്കാമെങ്കിൽ, പുട്ടപർത്തിക്ക് പോകുന്നതിൽ എന്തു കാര്യമിരിക്കുന്നു എന്ന് ഞാൻ അതിശയിക്കുകയാണ്. നിങ്ങളെവിടെ ആയിരുന്നാലും ഉള്ളിലേക്ക് നോക്കുന്നത് പരിശീലിച്ചാൽ കഴിയുമല്ലോ?**

**പ്രഫ. അനിൽകുമാർ:** നല്ല ചോദ്യം. ഇതേ ചോദ്യം രമണമഹർഷിയോട് ചോദിക്കപ്പെട്ടതാണ്.



ആരോ അദ്ദേഹത്തോടു ചോദിച്ചു, “സ്വാമീ, ഒരു ഗുരുവിന്റെ പങ്ക് എന്താണ്?”

രമണമഹർഷി പറഞ്ഞു, “ഈശ്വരനോടുള്ള മനുഷ്യന്റെ ഭക്തി കാരണം, അവിടുന്ന് ഒരു ഗുരുവിന്റെ അല്ലെങ്കിൽ അവതാരത്തിന്റെ രൂപത്തിൽ അവതരിക്കു

ന്നു, അവിടുന്ന് അകത്തുണ്ടെന്ന് നിങ്ങളെ പഠിപ്പിക്കുന്നതിന്. അതുകൊണ്ട്, അവിടുന്ന് ഉള്ളിലുണ്ടെന്ന് നിങ്ങളോടു പറയുന്നതിനായി, ഈശ്വരൻ ഉയരെനിന്നും താഴെ വരുന്നു. അവിടുത്തെ രൂപം ദർശിക്കാനായി നിങ്ങളവിടെ പോകുന്നു, അവിടുന്ന് നിരാകാരനാണെന്ന് തിരിച്ചറിയുന്നതിനായി.''

**Q: സ്വാമി പറയുന്നു, "നിങ്ങളുടെ ഉള്ളിൽ എന്നെ തേടുക." അതെന്താണ് അർത്ഥമാക്കുന്നത്, അതെങ്ങനെയാണ് ചെയ്യേണ്ടത്?**

**പ്രഫ. അനിൽകുമാർ**: ഞാനത് ഇങ്ങനെ മാറ്റാം. ആരോ സ്വാമിയോട് ചോദിച്ചു, ''അവിടുന്ന് ആരാണ്?''

സ്വാമി പറഞ്ഞു, ''ആ ചോദ്യം ചോദിക്കുന്നതിനു പകരം, തന്നത്താൻ ചോദിക്കുക, നീ ആരാണെന്ന്. നീ ആരാണെന്ന് നീ അറിയുമ്പോൾ, ഞാൻ ആരാണെന്ന് നീ അറിയും.'' അതിനർത്ഥം, ശരിക്കുള്ള നീയും ഞാനും ഒന്നുതന്നെ എന്നാണ്.




അതുകൊണ്ട്, സ്വാമിയെ നമുക്ക് ഉള്ളിൽ എങ്ങനെ കാണാൻ കഴിയും? ആദ്യത്തെ കാര്യം നമ്മുടെ മനസ്സിനെ അകത്തേക്ക് തിരിക്കുക എന്നതാണ്. ഈ നിമിഷം വരെ

മനസ്സ് പുറത്തേക്ക് തിരിഞ്ഞത്, ബാഹ്യം ആയിരുന്നു. അന്തർമുഖരാവുന്നതിന്, ബാഹ്യ മനസ്സ് അകത്തേക്ക് തിരിക്കേണ്ടത് ആവശ്യമാണ്. ഞാൻ കണ്ണാടി നിങ്ങളുടെ നേർക്കു തിരിച്ചാൽ, അത് നിങ്ങളുടെ പ്രതിബിംബം കാണിക്കും. ഞാൻ ആ കണ്ണാടി എന്റെ നേർക്കു തിരിച്ചാൽ, ഞാൻ എന്റെ തന്നെ പ്രതിബിംബം കാണും. ബാബയെ നമ്മുടെതന്നെ അകമേ കാണത്തക്കവിധം, മനസ്സിനെ അകത്തേക്ക് തിരിക്കുന്നതാണ് സാധന.



പ്രഫസർ അനിൽകുമാർ സ്വാമിയുടെ പ്രബോധനങ്ങളാൽ നമ്മെ പ്രചോദിപ്പിക്കുന്നത് അടുത്ത ലക്കത്തിൽ തുടരുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു** – (*Seeking Within* പേജ് 43-48)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)